(സി) ഉണ്ട്. ഈ കാര്യത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) കൃഷി ഭവനുകളിൽ ലഭിച്ച അപേക്ഷയിന്മേൽ കൃഷി ഓഫീസർമാർ നടപടി സ്വീകരിക്കുന്നുണ്ട്.

"വടക്കാഞ്ചേരി മണ്ഡലത്തിലെ പ്രകൃതിക്ഷോഭം"

44 [658] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 ജൂൺ 5, 6 തീയതികളിൽ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ പ്രദേശങ്ങളിൽ ശക്തമായ പ്രകൃതിക്ഷോഭത്തിൽ വൻതോതിൽ കൃഷിനാശവും വീടുകൾ തകർന്നിട്ടുള്ളതും, വസ്തുവകകൾക്ക് നാശം സംഭവിച്ചതും, ആളുകളുടെ മരണത്തിനിടയാക്കിയതുമായ സംഭവങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് ജില്ലാ ഭരണാധികാരികളുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടോ;

(ഡി) കൃഷിനാശവും പാർപ്പിട നാശവും വസ്തുവകകളുടെ നാശവും സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ നഷ്ടപരിഹാരം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) പ്രകൃതിക്ഷോഭത്തിൽ തകർന്ന റോഡുകളും പാലങ്ങളും പുനർ നിർമ്മിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. കാലവർഷക്കെടുതികളിൽ വടക്കാഞ്ചേരി മണ്ഡലത്തിൽ 4 പേർ മരിച്ചിട്ടുണ്ട്. 81 വീടുകൾക്ക് ഭാഗികമായി നാശനഷ്ടമുണ്ടായതിൽ 3.24 ലക്ഷവും 15 വീടുകൾക്ക് പൂർണ്ണ നാശനഷ്ടം ഉണ്ടായതിൽ 2.25 ലക്ഷവും കൃഷിനാശ മുണ്ടായതിൽ 4,76,578 രൂപയും നാശനഷ്ടം കണക്കാക്കുന്നു.

(സി) മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് അടിയന്തിര ധനസഹായമായി 1,000 രൂപ അനുവദിച്ചിട്ടുണ്ട്. ആവശ്യമായ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് ആകെ 50,000 രൂപ വീതം ധനസഹായം അനുവദിക്കുന്നതാണ്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) ബാധകമല്ല.

(എഫ്) ജില്ലാ കളക്ടറിൽ നിന്നും ആവശ്യമായ നിർദ്ദേശങ്ങൾ ലഭിക്കുന്ന പക്ഷം നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly